# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 189 18/03/2015-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീമതി. കെ.കെ. ലതിക : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ഈ സർക്കാർ ജാഗ്രത കാണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>**സ്വീകരിച്ചിട്ടുള്ള നടപടികൾ**<br>ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് താഴെ പറയുംപ്രകാരം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>1. "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി പുതുതായി ആരംഭിച്ചു. അപ്രകാരം 420 പേർക്ക് 146.137 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br>2. ടി.ആർ.ഡി.എം. മുഖേന ഭൂരഹിതരായ 777 പേർക്ക് 730.52 ഏക്കർ ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്.<br>3. ഭൂരഹിത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് (മൂന്ന് സെന്റ് വീതം) 450 പേർക്ക് ഭൂമി നൽകി.<br>4. കെ.എസ്.റ്റി. ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ തത്തയംഗലത്ത് 120 പേർക്ക് 120 ഏക്കർ ഭൂമി നൽകി.<br>5. വനാവകാശ നിയമപ്രകാരം - 8223 പേർക്ക് 12652.22 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകി. കൂടാതെ നടപ്പുവർഷം ഡി.എൽ.സി അംഗീകരിച്ച 1028 പേർക്ക് കൈവശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**തുടർന്നുള്ള ലക്ഷ്യങ്ങൾ**<br>1. വയനാട് ജില്ലയ്ക്ക് പ്രത്യേകമായി അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ച് ഭൂരഹിതരും അരിവാൾ രോഗബാധിതരുമായ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. സുപ്രീം കോടതി വിധിപ്രകാരം ലഭ്യമായ 19002 ഏക്കർ വനഭൂമിയുടെ സംയുക്ത പരിശോധന നടത്തി വിതരണത്തിന് അനുയോജ്യമായവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>3. വനാവകാശം നിയമ പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി വനാവകാശ നിയമം ഉപയോഗിച്ച് ഭൂമി അർഹതപ്പെട്ടവർ ക്കെല്ലാം ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കാൻ നിലവിൽ തടസം ഉണ്ടോ; വിശദമാക്കുമോ? | (ബി) | വനാവകാശ നിയമം അനുസരിച്ച് അർഹതപ്പെട്ടവർക്ക് എല്ലാം കൈവശരേഖ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനായി കൃത്യമായ ഇടവേളകളിൽ ജില്ലാ കളക്ടർമാർ/വനം വകുപ്/ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി പുരോഗതി വിലയിരുത്തിവരുന്നു. ഏറ്റവും ഒടുവിൽ 24.02.2015 ന് നടന്ന വീഡിയോ കോൺഫറൻസിൽ താഴെപറയുന്ന തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടു.<br>1) അപേക്ഷകളോടൊപ്പം മതിയായ സർവ്വേ റിപ്പോർട്ടുകളുടെ അഭാവം - അപേക്ഷകളിൽ അവകാശപ്പെടുന്ന ഭൂമിയുടെ സർവ്വേ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് താലതാമസം നേരിടുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നു. ആയത് പരിഹരിക്കുന്നതിന് വിശദമായ സർവ്വേയ്ക്ക് പകരം വനം/റവന്യൂ/പട്ടികവർഗ്ഗ വികസന വകുപ്പ് ഏകോപിച്ച് മാപ്പ് തയ്യാറാക്കി അപേക്ഷ തീർപ്പാക്കുന്നതിനുള്ള നിയമസാധ്യതകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>2) പാസാക്കിയ അപേക്ഷകൾക്ക് കൈവശരേഖ നൽകുന്നതിനുള്ള താമസം - തീർപ്പ് കൽപ്പിച്ചിട്ടുള്ള അർഹരായ അപേക്ഷകർക്ക് കൈവശരേഖ തയ്യാറാക്കുന്നതിനുള്ള വെബ്സൈറ്റിൽ നിരന്തരം തടസ്സം നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എൻ.ഐ.സി (National Informatics Centre) യുടെ സഹായം തേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**